## വിവാഹം





**തേ**വര, പ്രിയദർശിനി നഗർ, തേക്കനാത്ത് ശ്രീ. ടി. ജി. ബെഹന്നാൻന്റെയും, ശ്രീമതി ലിസി ബെഹന്നാൻന്റെയും മകൻ **ബിന്റോ ബെഹന്നാനും**, തേവര, പണിക്കത്തറ ശ്രീ. റോയി പി. ജോർജിന്റെയും, ശ്രീമതി മിനി റോയിയുടെയും മകൾ **എലിസബ റോയിയും** 2019 ഏപ്രിൽ മാസം 28-ാം തീയതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

**തി**രുവല്ല, പാലിയേക്കര, കോങ്ങലത് ശ്രീ. കെ. എ. വർഗീസിന്റെയും, ശ്രീമതി അന്നാ വർഗീസിന്റെയും മകൻ **ജോർജ് വർഗീസ്സും**, പാലാ, പൂവലാനി, കള്ളിവയലിൽ ശ്രീ . ലൂയിസ് കുരുവിളയുടേയും ശ്രീമതി ആഷ ലൂയിസിന്റേയും മകൾ **ലീസ മേരി ലൂയിസും** 2019 ഏപ്രിൽ മാസം 27-ാം തീയതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

**എ**റണാകുളം വെട്ടത്ത് പരേതനായ ജോർജ് ഡേവിഡിന്റേയും, ശ്രീമതി ബിന്ദു ഡേവിഡിന്റേയും മകൻ **ജോർജ് ഡേവിഡ് വെട്ടത്തും**, കളമശ്ശേരി, മാണിക്കത്, വൈശാഖം, ശ്രീ. കെ. ആർ. മോഹനന്റേയും ശ്രീമതി ഷീല മോഹനന്റേയും മകൾ **മിറിയവും (പാർവതി മോഹൻ)** 2019 ഏപ്രിൽ മാസം 28-ാം തീയതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

**തി**രുവല്ല, പൊടിയാടി, പാറയിൽ ശ്രീ. രാജൻ ജോർജിന്റെയും, പരേതയായ ലൈസ് രാജൻ ജോർജിന്റെയും മകൻ **രാഹുൽ രാജ്**, വടുതല, തോലത് ശ്രീ. ടി. പി. സൈമൺന്റെയും, ശ്രീമതി ലത സൈമൺന്റെയും മകൾ **സിംബിൾ സൈമണും** 2019 ഏപ്രിൽ മാസം 28-ാം തീയതി തിരുവല്ല, പാലിയേക്കര സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് വിവാഹിതരായി.

**പൈ**നുംമൂട്ടിൽ ശ്രീ. പൗലോസ് കെ. കോശിയുടെയും ശ്രീമതി ഡോണി കോശിയുടെയും, മകൻ **ടിബിൻ കോശിയും**, എറണാകുളം, വെണ്ണല അക്കരപ്പറമ്പിൽ എണ്ണശ്ശേരി ശ്രീ. ഷാജൻ ജോർജിന്റെയും, ശ്രീമതി സൂസൻ ജോർജിന്റെയും മകൾ **സംഗീത സൂസൻ ഷാജനും** 2019 ഏപ്രിൽ മാസം 26-ാം തീയതി മാവേലിക്കര, പാലിയേക്കര സെൻറ് മേരീസ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## നിര്യാതരായി



**എ**റണാകുളം, സെമിത്തേരിമുക്ക്, പനക്കൽ **പി. സി. ഇട്ടി മാത്യു** (91) 2019 ഏപ്രിൽ 4-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാരം 5-ാം തീയതി ചിറ്റൂർ റോഡ് സെമിത്തേരിയിൽ നടത്തപ്പെട്ടു.



**എ**റണാകുളം, പുല്ലേപ്പടി **തങ്കമ്മ ചെറിയാൻ** (93) 2019 ഏപ്രിൽ 26-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്ക്കാരം 28-ാം തീയതി എളംകുളം സെമിത്തേരിയിൽ നടത്തപ്പെട്ടു .

*ആദരാഞ്ജലികൾ*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | May 12 - 07.00 am, May 19 - 10.00 am |
| | May 26 - 07.00 am, Jun 02 - 10.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | May 19 - 07.30 am, Jun 02 - 07.30 am |

**കത്തീഡ്രലിലും, സെമിത്തേരിമുക്ക് ചാപ്പലിലും**
**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## അറിയിപ്പ്

**എ**റണാകുളം സെൻറ് മേരീസ് കത്തീഡ്രലിന്റെ കിഴക്കു വശത്തുള്ള മാർ പക്കോമിയോസ് നഗർ മോടി പിടിപ്പിച്ചിട്ടുള്ള വിവരം ഇതിനകം എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടായിരിക്കുമല്ലോ. ഏഴായിരത്തിലധികം ചതുരശ്ര അടി ഇപ്രകാരം തയ്യാറാക്കിയിട്ടുണ്ട്. നാനൂറ് ചതുരശ്ര അടിയോളം വരുന്ന സ്റ്റേജ്, നല്ല ഒരു അടുക്കള, രണ്ട് ഭാഗത്തായി വാഷ്, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. കാർ പാർക്കിങ്ങിനായി ബോട്ട് ജെട്ടിക്കുള്ളിലും, ബോട്ട് ജെട്ടിയിൽ നിന്ന് കിഴക്കോട്ടുള്ള റോഡിൽ YAS RESTAURANT BEST BAKERS മുൻ വശത്തായും കാനൻഷെഡ് റോഡ്-മാർക്കറ്റ് റോഡ് ജംഗ്ഷനിലും കാർ പാർക്കിങ്ങ് സൗകര്യമുണ്ട്. ഞായറാഴ്ചകളിൽ റവന്യൂ ടവറിലും ഈ സൗകര്യം ലഭ്യമാണ്. വിവാഹങ്ങൾ, വിവാഹനിശ്ചയം, മാമോദീസ, മരണാനന്തര ചടങ്ങുകൾ, വിവാഹത്തലേന്നുള്ള ചടങ്ങുകൾ എന്നിവയ്ക്ക് ക്രിസ്തീയതയ്ക്ക് യോജിച്ച രീതിയിൽ ഇടവകക്കാർക്ക് നൽകുവാൻ പള്ളി പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിനകം പലരും ഈ സൗകര്യം ഉപയോഗിക്കുകയും അഡ്വാൻസായി ബുക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**ഇംഗ്ലീഷ് വി. കുർബ്ബാന**
**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**





## ഇടവക വൈദീകരുടെ യാത്രയയപ്പ്



**2**019 ഏപ്രിൽ 28-ാം തീയതി വി. കുർബ്ബാനാനന്തരം കഴിഞ്ഞ മൂന്ന് വർഷം സെൻറ് മേരീസ് കത്തീഡ്രലിൽ സേവനമനുഷ്ഠിച്ചു ഇടവക മാറിപ്പോകുന്ന വൈദീകർക്ക് ഊഷ്മളമായ യാത്രയയപ്പ് നൽകി.

ശ്രീ. പി. കെ. ഐസക്ക് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ട്രസ്റ്റി ശ്രീ. ചെറിയാൻ കോര സ്വാഗതം ആശംസിച്ചു. പള്ളിയിൽ നിന്നുള്ള ഉപഹാരത്തോടൊപ്പം, എല്ലാ അദ്ധ്യാത്മീക സംഘടനകളും വൈദീകർക്ക് പാരിതോഷിതങ്ങൾ നൽകി. വികാരി റവ. ഫാ. ജിജു വർഗീസിന്റെ മറുപടി പ്രസംഗത്തിന് ശേഷം ശ്രീ. പൗലോസ് ജേക്കബിന്റെ നന്ദി പ്രകാശനത്തോടെ സമ്മേളനം ഭംഗിയായി പര്യവസാനിച്ചു. ട്രസ്റ്റി ശ്രീ. ചെറിയാൻ കോര, പോൾ ജോർജ് അച്ചൻ, സൈമൺ അച്ചൻ, ശ്രീ. പി. കെ. ഐസക്ക്, ജിജു വർഗീസ് അച്ചൻ, ബിജു എബി മാത്യുസ് അച്ചൻ എന്നിവർ വേദിയിൽ.

**A**TTENTION PLEASE: Parish Members and their children who are residing outside the state / country may submit their email ID to <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

## ഇടവകയുടെ പുതിയ ഇടയന്മാർ







ഫാ. ജോൺ ജോർജ്ജ് ഫാ. ജെയിംസ് വർഗ്ഗീസ് ഫാ. സക്കറിയ ജോൺ

## ഒ. വി. ബി. എസ്. ഏപ്രിൽ 22-26 വരെ കത്തീഡ്രലിൽ നടന്നു





**ഈ** വർഷത്തെ OVBS ഏപ്രിൽ 22 മുതൽ 26 വരെ നടന്നു. 'നല്ലതു തെരെഞ്ഞെടുക്കുക' (Choose Good) എന്നതായിരുന്നു കുട്ടികൾക്കുള്ള മുഖ്യ സന്ദേശം. ശ്രീമതി അന്നമ്മ എബ്രഹാം, ശ്രീമതി ഷൈല തോമസ്, ശ്രീ. ജോസ് ഏലിയാസ്, ശ്രീ. ഡാലസ് ചെറിയാൻ, ശ്രീ. ബെന്നി സാർ എന്നിവർ സ്തുത്യർഹമാംവിധം നേതൃത്വം നൽകി OVBS വിജയകരമാക്കി. എല്ലാ ദിവസവും അദ്ധ്യാപകർക്കുള്ള ധ്യാനം കത്തീഡ്രലിലെ വൈദീകർ മാറി മാറി നിർവ്വഹിച്ചു. കുട്ടികളെ നാലു ഗ്രൂപ്പുകളാക്കി തിരിച്ചു മത്സരങ്ങളും നടത്തിയിരുന്നു.

## പ്രാർത്ഥനാ യോഗങ്ങൾ

| St. George Unit (Kaloor Area) 05-05-2019 - 4 pm | St. Marys Unit (Central Area) 12-05-2019 - 4 pm | St. Thomas Unit (North-Pachalam Area) 19-05-2019 - 4 pm | St. Gregorios Unit (Elamkulam-Kadavanthra Area) 26-05-2019-4 pm |
|---|---|---|---|
| ശ്രീ. മാത്യു ജി. | ശ്രീ. വർഗീസ് എൻ. സി. | ശ്രീമതി റേച്ചൽ മാത്യു | ശ്രീ. വർഗീസ് എ. പി. |
| പുത്തൻവീട്ടിൽ (മിനു വില്ല) | നീരൻമംഗൾ, X I/280 | മടത്തുവേലിൽ കണ്ടത്തിൽ | 27/2905, മെറിലാൽ ഭവൻ |
| 72/1652, അശോക റോഡ് | ക്രാഷ് റോഡ്, SRA -13, വാഴക്കാല | വെൽക്കം റോഡ്, | കെ. പി. വള്ളോൻ റോഡ് |
| ചെറുപുഷ്പം ലൈൻ, കലൂർ | തൃക്കാക്കര പി. ഒ., കൊച്ചി-21 | അയ്യപ്പൻകാവ്, കൊച്ചി-18 | കടവന്ത്ര, കൊച്ചി-20 |
| Tel : 2530781, Mob : 9446607794 | Tel : 2422042, Mob : 9447349270 | Tel : 2393690, Mob : 9447023690 | Tel : 2322183, Mob : 9447325558 |




Editorial Board : Fr. James Varghese (Vicar), K.K. George (94470 40484), Paulose Jacob, V. N. Philipose, Mammen Abraham & Suma Mathew.
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490
Design & Lay-out: dittografix, Printed at Geo Printshop, Ernakulam



# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 13 ISSUE : 05 MAY 2019

## എഡിറ്റോറിയൽ

### കൂടെ നടക്കുന്ന ദൈവം

**യേ**ശുവിന്റെ കുരിശുമരണത്തിനുശേഷം ശിഷ്യന്മാർ വളരെ ഭയപ്പെട്ടും, മനഃപ്രയാസത്തോടെയുമാണ് കഴിഞ്ഞത്. അവർക്ക് എല്ലാമായിരുന്ന അവരുടെ നാഥന്റെ കഷ്ടാനുഭവത്തോടെയുള്ള വിയോഗം അവരെ തളർത്തുക മാത്രമല്ല, ഭാവിയിൽ എന്തുചെയ്യണമെന്നറിയാതെ, നേരത്തെ അഭ്യസിച്ച തൊഴിലുകളിലേക്ക് പോയാലോ എന്നുവരെ ചിന്തിച്ചു. എന്നാൽ മൂന്നാം നാൾ അവർ കണ്ട ഒഴിഞ്ഞ കല്ലറ അവർക്ക് പുതുജീവൻ നൽകി. മഗ്ദലനമറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയ, എന്നിവരാണ് ഒഴിഞ്ഞ കല്ലറ ആദ്യമായി കണ്ടത് (ലൂക്കോ. 24:10).

അന്നുതന്നെ ക്ലെയോപ്പാവും, ലൂക്കോസും യെരുശലേമിൽ നിന്ന് എമ്മാവൂസിലേക്കുള്ള യാത്രയിൽ ഉയിർത്തെഴുന്നേറ്റ യേശുവിനെ കാണുവാനിടയായി. എമ്മാവൂസ് നീതി നിഷേധിക്കപ്പെട്ടവരുടേയും, അടിമകളുടേയും ശപിക്കപ്പെട്ട ഗ്രാമമായിരുന്നു. അവർ കഴിഞ്ഞ ഒരാഴ്ച നടന്ന സഹിക്കാൻ കഴിയാത്ത സംഭവങ്ങളെക്കുറിച്ച് സംസാരിച്ചുകൊണ്ട് നടക്കുകയായിരുന്നു. അപ്പോൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവരുടെകൂടെ കൂടി നടക്കുവാൻ ആരംഭിച്ചു. യേശുവിനെ തിരിച്ചറിയാതിരിക്കാൻ അവരുടെ കണ്ണ് നിരോധിച്ചിരുന്നു. യേശു ആ യാത്രയിൽ തിരുവെഴുത്തുകളിൽ തന്നെക്കുറിച്ചു പറഞ്ഞിരിക്കുന്ന സകല കാര്യങ്ങളും അവരുടെ ഓർമ്മയിൽപ്പെടുത്തി. എങ്കിലും കൂടെ നടന്ന യേശുവിനെ അവർ തിരിച്ചറിയാൻ വൈകി. നേരം വൈകാറായപ്പോൾ അവർ എമ്മാവൂസിനോടടുക്കുകയും യേശുവിനെ അവരുടെ കൂടെ കൂട്ടുവാൻ ക്ഷണിക്കുകയും ചെയ്യുന്നു. അത്താഴ സമയത്ത്, യേശു അപ്പം വാഴ്ത്തി അവർക്ക് കൊടുത്തപ്പോഴാണ് അവരുടെ കണ്ണ് തുറന്നതും യേശുവിനെ മനസ്സിലാക്കിയതും.

നാമും പലപ്പോഴും കൂടെ നടക്കുന്ന യേശുവിനെ മനസ്സിലാക്കാതെ പോകുന്നു. പ്രത്യേകിച്ച് ആരോഗ്യവും, സമ്പത്തും ഉള്ളപ്പോൾ. യേശുവാണ് നമ്മുടെ കൂടെയുള്ളതെന്നു നാം മനസ്സിലാക്കണമെങ്കിൽ, നമ്മിൽ ആശ്രയം കാണുന്ന മറ്റുള്ളവരെ നാമും കൂടെ കൂട്ടണം. ക്രിസ്തു നമ്മോടൊപ്പമുണ്ടെന്നു നമുക്ക് ബോധ്യപ്പെട്ടാൽ, വേദനയും, കഷ്ടപ്പാടും മൂലം മുഖം നഷ്ടപ്പെട്ട പലർക്കും നാം ആശ്വാസത്തിന് കാരണമാകും. നിരോധിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കണ്ണുകളെ തുറന്ന് ദൈവസാന്നിധ്യം മനസ്സിലാക്കണമെങ്കിൽ ലൂക്കോസും, ക്ലെയോപ്പാവും യേശുവിനെ മനസ്സിലാക്കാതെ തന്നെ അത്താഴത്തിനു ക്ഷണിച്ചതു പോലെ, നാമും ദൈവത്തെ വരവേൽക്കാൻ തയ്യാറാകണം.

*(ശേഷം 3-ാം പേജിൽ)*

## ഇടയ ലേഖനം

### കാത്തിരുപ്പ്

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



**സ**ങ്കീ. 63:1 എന്റെ ദൈവമേ നീ എന്റെ ദൈവം, ഞാൻ നിനക്കായി കാത്തിരിക്കും.

പ്രതീക്ഷിക്കാൻ വകയുള്ളതുകൊണ്ട്, ആനന്ദകരമാണ്; 'കാത്തിരിക്കാൻ' യാതൊന്നുമില്ലെങ്കിൽ ജീവിതം തന്നെ വരണ്ടുപോകും. നാളെ എന്നത് അനിശ്ചിതവും, അവ്യക്തവുമാകയാൽ, അതിൽ ശുഭകരമായി എന്തെങ്കിലുമുണ്ടാകാം എന്നതാണ് അതിന്റെ മനോഹാരിത. എന്നാൽ 'നാളെ' കഴിഞ്ഞുപോയാൽ പിന്നെയും 'നാളെ' എന്നതുണ്ടായിരിക്കുമല്ലോ. യോഗാത്മതലത്തിൽ, പ്രതീക്ഷ നീണ്ടു നീണ്ടുപോകുന്നതാണ് നല്ലത്; വീണ്ടും പ്രതീക്ഷിക്കാമല്ലോ. പ്രതീക്ഷ സഫലമായാൽ, പിന്നെ എന്തുപ്രതീക്ഷിക്കാൻ. ലൗകീകമായതു പ്രതീക്ഷിക്കാത്തവർക്ക്, ലോകാതീതമായ പ്രതീക്ഷ ഉണ്ടായിരിക്കണം. കാരണം, ജീവിതത്തിന് ലൗകീകം, അലൗകീകം എന്ന രണ്ടു തലങ്ങളുണ്ട്. ലൗകീകതയിൽ മാത്രമൂന്നിയാൽ, പ്രതീക്ഷ ഒരിക്കലും പൂർണ്ണമോ, സാരവത്തോ ആവുക അസാധ്യമാണ്.

എങ്ങനെ കാത്തിരിക്കണം.

എന്തിനെ, അഥവാ ആരെ കാത്തിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്, കാത്തിരിപ്പിന്റെ ഗുരുത്വവും ഗൗരവവും നിർണ്ണയിക്കുക. 'എപ്പോൾ വരെ' എന്നറിയാത്തതിനാൽ, അതിന് ഒരു സാർവ്വജനീനവും കാലാതീതവുമായ ഒരു മാനം കൈവരുന്നു. സ്വയമേവയുള്ള ഒരുക്കമാണ് പ്രാഥമികമായത്. ഒരുക്കത്തിന്റെ പൂർണ്ണതയാണ് അതിഥിയിൽ സന്തോഷമുളവാക്കുന്നത്. ഈ കാത്തിരിപ്പ്, ഒരു തരം അന്വേഷണമാണെന്ന് 63-ാം സങ്കീർത്തനം പറയുന്നു. കാത്തിരുപ്പ് യന്ത്രികമല്ല. അത് വിശപ്പും ദാഹവുമായി വളരുന്നു. അത് വളർന്ന് വിശുദ്ധ മന്ദിരത്തിലെത്തുന്നു. അത് 'ജീവകാലമെല്ലാം' തുടരുകയാണ്, അതിനു രാപകൽ വ്യത്യാസമില്ല.

സ്വയമേവ ഒരുങ്ങുന്നത് കൂടാതെ ചുറ്റുപാടുകളെയും ഒരുക്കണം. കാരണം ചുറ്റുപാടുകൾക്ക് വ്യക്തിയുടെമേലും, തിരിച്ചും ഏറെ സ്വാധീനമുണ്ട്. ഒരു വ്യക്തിയുടെ സ്വഭാവവും വ്യക്തിത്വവും നിർണ്ണയിക്കുന്നതിൽ ചുറ്റുപാടുകൾക്കും സുഹൃത്തുക്കൾക്കും നിർണ്ണായകമായ പങ്കുണ്ടല്ലോ.

കാത്തിരിപ്പ് ഒരു യാത്രപോലെയാണ്; അതിൽ അസംതൃപ്തിയോ പരിഭവമോ ഇല്ല. അവസാനത്തോളം സഹിച്ചു നിൽക്കുന്നതാണ് പ്രധാനം. അതിനിടെ ശ്രദ്ധ ചുറ്റുപാടുകളിലേക്കോ, മറ്റു വ്യക്തികളിലേക്കോ തിരിഞ്ഞാൽ കാത്തിരിപ്പിനെ ബാധിക്കും.

*(ശേഷം 3-ാം പേജിൽ)*

## വികാരിയുടെ കത്ത്

# ദൂതവൃന്ദങ്ങൾ

ഫാ. സക്കറിയ ജോൺ



മാലാഖമാരെപ്പറ്റിയുള്ള ഒരു ചെറു പഠനമാണ് ഈ ലഘു ലേഖനത്തിലെ പ്രതിപാദ്യ വിഷയം. സ്വർഗ്ഗത്തിനും ഭൂമിക്കും ഇടനിലക്കാരായ കൃപാമതികളായ, ആത്മീയ ശ്രേണിയിൽ ഉൾപ്പെട്ടവരാണ് മാലാഖമാർ. സാധാരണയായി ദൈവത്തിന്റെ ആജ്ഞാനുവർത്തികളായ സേവകന്മാരായോ, (ദൂതന്മാരായോ) ഒരു വ്യക്തിയുടെയോ, ദേശത്തിന്റെയോ സംരക്ഷകരായോ സേവനം ചെയ്യുന്ന നിലയിലാണ് വി. ഗ്രന്ഥം മാലാഖമാരുടെ ദൗത്യത്തെ പരിചയപ്പെടുത്തുന്നത്. യഹൂദമതവും, ക്രൈസ്തവമതവും മാലാഖമാരെപ്പറ്റിയുള്ള സങ്കൽപം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് പഴയ നിയമ പ്രമാണങ്ങളിലാണ്.

മാലാഖമാരുടെ വൃന്ദങ്ങളെക്കുറിച്ച് ആദ്യമായി ഒരു വിശദ പഠനം കാണുന്നത് 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അരയോപശക്കാരനായ ദിവന്നാസ്യോസ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ക്രിസ്തീയ ചിന്തകന്റെ 'സ്വർഗ്ഗത്തിലെ വിശുദ്ധിയുടെ ക്രമം' എന്ന ഗ്രന്ഥത്തിലാണ്. ഇതേ വിഷയത്തെപ്പറ്റി പിന്നീട് സഭാപിതാക്കന്മാരായ 9-ാം നൂറ്റാണ്ടിൽ ജീവിച്ച മൂശാബർസ്ക്കിപ്പായും, 13-ാം നൂറ്റാണ്ടിൽ ജീവിച്ച ബാർ എബ്രായയും ആധികാരികമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

വി. കുർബ്ബാന തക്സായുടെ യാക്കോബിന്റെ ക്രമത്തിൽ ഒൻപത് വൃന്ദം മാലാഖമാരുടെയും, പേരുകൾ ചേർത്തിരിക്കുന്നത് നമുക്ക് പരിചിതമാണല്ലോ. ഈ ഒൻപത് വൃന്ദങ്ങളെ മൂന്നു നിരകളായി തിരിച്ചിരിക്കുന്നു. ഓരോ നിരകളിലും മൂന്ന് ഗണങ്ങളുണ്ട്.

ഒന്നാം നിര:

1. സ്രോപ്പേൻമാർ (ആരാധനാവൃന്ദം)
2. ക്രൂബേൻമാർ (ജ്ഞാനവൃന്ദം)
3. ഹൈലാ പോസേൻമാർ (ശക്തി വൃന്ദം)

രണ്ടാംനിര:

1. മോറോപോസേൻമാർ (കർത്തൃ വൃന്ദം)
2. മൗത്ത്ബേൻമാർ (ഭരണ വൃന്ദം)
3. ശുൽത്തോനേൻമാർ (അധികാരവൃന്ദം)

മൂന്നാം നിര:

1. റീശേനുപോസേൻമാർ (സമാധാന വൃന്ദം)
2. റീശേ മാലാഖമാർ (ദൂത വൃന്ദം)
3. മാലാഖമാർ (സ്ഥാനപതി വൃന്ദം)

ആദ്യത്തെ ദൂതവൃന്ദങ്ങൾ ഏറ്റവും കൂടുതൽ അടുത്ത് ദൈവവുമായി സംസർഗ്ഗം ചെയ്ത് നിരന്തരം സ്തുതിച്ചും ചലിച്ചുംകൊണ്ട് നിൽക്കുന്നു. ദൈവസാന്നിദ്ധ്യം നിരന്തരം അനുഭവിച്ച് ദൈവീക പൂർണ്ണതയിലേക്ക് വളരുക എന്ന നിയോഗമാണ് എല്ലാ വൃന്ദങ്ങൾക്കും ഉള്ളത്. പിതാക്കന്മാരുടെ വ്യാഖ്യാനമനുസരിച്ച് മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് മാലാഖമാരുടെ സ്ഥാനത്താണ്. ആയതിനാൽ മനുഷ്യന്റെ പരമമായ നിയോഗവും, ദൈവസാന്നിധ്യത്തിലൂടെയും സംസർഗ്ഗത്തിലൂടെയും ദൈവീക പൂർണ്ണതയിൽ എത്തുക എന്നതും തന്നെയാണ്. പൗരസ്ത്യ സഭാപിതാക്കന്മാർ ഇതിനെ 'ദൈവീകരണം' എന്നു വിശദീകരിക്കുന്നു.

1. സ്രോപ്പേൻമാർ : സാറാഫുകൾ (ആരാധനാവൃന്ദം)

എബ്രായ ഭാഷയിൽ 'സെറാഫിം' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. 'തീ കത്തുക' എന്ന മൂലപദത്തിൽ നിന്നുമാണ് സെറാഫിം എന്ന വാക്ക് ഉത്ഭവിച്ചിട്ടുള്ളത്. 'തിമയർ' അല്ലെങ്കിൽ 'അഗ്നിമയർ' എന്നാണ് മലയാള ഭാഷയിൽ തത്തുല്യമായ വാക്ക്. പഴയ നിയമത്തിൽ യെശയ്യാവിന്റെ പുസ്തകം 6-ാം അധ്യായത്തിൽ മാത്രമാണ് സാറാഫുകളെപ്പറ്റി പരാമർശിക്കുന്നത്. ഈ വേദഭാഗത്തെ ആധാരമാക്കിയാണ് വി. കുർബ്ബാനയിലെ ഖണ്ഡിപ്പിന്റെ സമയത്തെ 'സ്രാപ്പികളെ കണ്ടേശായാ' എന്ന പാട്ട് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ദൈവത്തോട് ഏറ്റം അടുത്ത് നിന്നുകൊണ്ട് ദൈവ തേജസ്സ് നൽകുന്ന ചൂടും പ്രകാശവും സ്വീകരിക്കുന്നതുകൊണ്ട് 'തിമയർ' അല്ലെങ്കിൽ 'അഗ്നിമയർ' എന്ന പേരും, അന്വർത്ഥമായി (അഗ്നിയമൻമാരാരേ നോക്കി വിറച്ചീടുന്നു എന്ന പാട്ട് ഓർക്കുക).

2. ക്രൂബേൻമാർ – കെരൂബുകൾ (ജ്ഞാനവൃന്ദം)

കെറൂബീം എന്ന വാക്കാണ് എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. സുറിയാനി ഭാഷയിൽ 'ക്രോബേ' എന്നും ഉപയോഗിച്ചിരിക്കുന്നു. പരിജ്ഞാന പൂർണ്ണത എന്നാണ് ഈ വാക്കിന്റെ അർത്ഥം. ദൈവത്തെ അടുത്ത് കണ്ടറിയുന്നതിനും, മറ്റുള്ളവരിലേക്ക് ഈ അറിവ് പകരുന്നതിനുമുള്ള കഴിവാണ് ഇവർക്കുള്ളത്. യഹസ്ക്കേൽ പ്രവചനം 1-ാം അധ്യായം 6 മുതലുള്ള വാക്യം അനുസരിച്ച് കെരൂബുകൾക്ക് നന്നാലു മുഖങ്ങളും (സിംഹം, കാള, കഴുകൻ, മനുഷ്യൻ) നന്നാലു ചിറകുകളുമുണ്ട്. തേജസ്സിന്റെ കെരൂബുകൾ എന്ന് എബ്രായ ലേഖനം 9:5 ലും, ദൈവം അധിവസിക്കുന്ന സ്ഥലം എന്ന് 8-ാം സങ്കീർത്തനത്തിലും ഇവരെപ്പറ്റി പരാമർശിച്ചിരിക്കുന്നു .

3. ഹൈലാ പോസേൻമാർ (ശക്തിവൃന്ദം)

ദൈവീകമായ കാര്യങ്ങൾ അന്വേഷിക്കുന്നതിലും, പൂർത്തീകരിക്കുന്നതിലും, ഉലഞ്ഞുപോകാത്ത ശക്തിയും, താൽപ്പര്യവും, ധൈര്യവും ഉള്ള മാലാഖ ഗണം ആണ് ഹൈലാ പോസേൻമാർ.

4. മോറോ പോസേൻമാർ (കർത്തൃ വൃന്ദം)

കർത്തൃത്വം നടപ്പിൽ വരുത്തുന്ന സ്വർഗ്ഗത്തിലെ അധികാരങ്ങൾ നിലനിർത്തുന്ന വൃന്ദം എന്നാണ് മോറോ പോസേൻമാർ അറിയപ്പെടുന്നത്. ലോകത്തിന്റെ കർത്തൃത്വങ്ങളുടെ പ്രത്യേകതകൾ ഭീതിയും, ദാസ്യത്വവും ആണെങ്കിലും സ്വർഗ്ഗത്തിലെ കർത്തൃത്വം സ്നേഹവും, സ്വാതന്ത്ര്യവും ആണ്. ഇത് നിലനിർത്തി പരിപാലിക്കുന്ന വൃന്ദമാണ് മോറോ പോസേൻമാർ.

5. മൗത്ത്ബേൻമാർ (ഭരണ വൃന്ദം)

സ്വർഗ്ഗത്തിലെ ഭരണ നിർവ്വഹണത്തിലും ആലോചനാ സമിതികളിലും സിംഹാസനങ്ങളിലിരുന്ന് ഭരണ ക്രമീകരണങ്ങൾ നിർവ്വഹിക്കുന്ന വൃന്ദമാണ് മൗത്ത്ബേൻമാർ.

6. ഗുൽത്തോനേൻമാർ (അധികാര വൃന്ദം)

Exousia എന്ന യവനപദത്തിന് Authorities എന്ന വിശേഷണമാണ് ചേർത്തിരിക്കുന്നത്. അതുകൊണ്ട് ഇവരെ അധികാര വൃന്ദം എന്നു പരാമർശിച്ചിരിക്കുന്നത്. സർവ്വ അധികാരങ്ങളുടെയും ഉറവിടമായ ദൈവത്തോട് താദാത്മ്യം പ്രാപിക്കുമ്പോൾ മാത്രമേ അധികാരത്തിന്റെ യഥാർത്ഥ പൊരുൾ വെളിപ്പെടുകയുള്ളു. പ്രപഞ്ചസൃഷ്ടികളെ ഒരു താളലയത്തിൽ ക്രമീകരിച്ച് ദൈവസന്നിധിയിലേക്ക് നയിക്കുവാനുള്ള അധികാരമാണ് ഇവർക്കുള്ളത്.



7. റീശേനു പോസേൻമാർ (സമാധാന വൃന്ദം)

സർവ്വത്തെയും ഒരു ആത്യന്തീക സത്യത്തിലേക്ക് (ദൈവത്തിലേക്ക്), ഒരു നേതാവിനെപ്പോലെയോ, രാജാവിനെപ്പോലെയോ സ്വസ്ഥതയോടെ വഴിനയിക്കുന്ന പ്രമാണികളാണ്, റീശേനു പോസേൻമാർ. യെശയ്യാവ് 63:9 ൽ പരാമർശിക്കുന്ന 'സമ്മുഖ ദൂതൻ' റീശേനു പോസേൻമാരെപ്പറ്റിയുള്ള പരാമർശമാണ്.

8. റീശേ മാലാഖമാർ (ദൂത വൃന്ദം)

Archangeloi എന്ന ഗ്രീക്ക് പദത്തിന് Arch Angels അല്ലെങ്കിൽ പ്രധാന മാലാഖമാർ എന്നാണ് അർത്ഥം. ദൈവീക സന്ദേശം വഹിക്കുന്നവരും, വാഖ്യാനിക്കുന്നവരുമാണ് റീശേ മാലാഖമാർ. ഗബ്രിയേൽ, മിഖായേൽ തുടങ്ങിയ മാലാഖമാർ ഈ ഗണത്തിൽപ്പെട്ടവരാണ്. (യോശുവ 5:13-15 ഇതിനോട് ചേർത്തുവായിക്കുക)

9. മാലാഖമാർ (സ്ഥാനാപതി വൃന്ദം)

Angeloi എന്നുമാത്രം ഗ്രീക്കിൽ പരാമർശിച്ചിരിക്കുന്ന ഈ വിഭാഗം മാലാഖമാരെന്നും ദൂതന്മാരെന്നും അറിയപ്പെടുന്നു. സാറാഫുകളിൽ ആരംഭിച്ച് അവരോഹണ ക്രമത്തിൽ മാലാഖമാരിൽ അവസാനിക്കുന്നതാണ് മാലഖാനിരകളുടെ ക്രമം. സാറാഫുകൾ ദൈവത്തോട് ഏറ്റം അടുത്ത് നിൽക്കുന്നവർ എന്നപോലെ മനുഷ്യരോട് ഏറ്റം അടുത്ത് നിൽക്കുന്നവരാണ് മാലാഖമാർ. എല്ലാ മനുഷ്യർക്കും സ്വർഗ്ഗത്തിൽ കാവലാളായി ഒരു മാലാഖ ഉണ്ട് എന്നുള്ളത്, യഹൂദ-ക്രൈസ്തവ വിശ്വാസങ്ങളിൽ ഉള്ളതാണ്. യേശുവിന്റെ പഠിപ്പിക്കലുകളിൽ, ഈ എളിയവരെ തുശ്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളുവിൻ സ്വർഗ്ഗത്തിൽ അവരുടെ മാലാഖ എന്ന പരാമർശം ഇതിനോട് ചേർത്തുവായിക്കാനാവുന്നതാണ്. (മത്തായി 18:10)

ഈ അടിസ്ഥാനത്തിലാണ്, മാമോദീസയിൽ ക്രിസ്തീയ നാമങ്ങളോ, വേദപുസ്തക പൊരുത്തമുള്ള പേരുകളോ ഉപയോഗിക്കണമെന്ന് പിതാക്കന്മാർ നിഷ്കർഷിക്കുന്നത്. മധ്യസ്ഥന്മാരായ ഈ മാലാഖമാർ ദൈവസന്നിധിയിൽ നമുക്ക് വേണ്ടി അപേക്ഷിക്കും എന്നും, പിശാചിനോട് വാദിക്കും എന്നാണ് യൂദായുടെ ലേഖനത്തിന്റെ 9-ാം വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നത്. (മുഖ്യ ദൂതനായ മിഖായേൽ മോശയുടെ ശരീരത്തിനുവേണ്ടി പിശാചിനോട് തർക്കിച്ചു വാദിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സഭയിൽ ശവസംസ്കാര ശുശ്രൂഷയുടെ സമാപനത്തിൽ മൃതശരീരത്തിൽ തൈലം ഒഴിക്കുമ്പോൾ, 'തിരുസന്നിധിയിൽ നിന്ന് സ്വർഗ്ഗീയ സേനകളുടെ സഹായം ഇവന് അയച്ചുകൊടുക്കേണമേ. ഇവന്റെ മൃതശരീരത്തിൽ വീഴ്ത്തപ്പെടുന്ന ഈ തൈലം മുഖാന്തിരം ദാറായിൽ പതിയിരുന്ന് മനുഷ്യാത്മാക്കളുമായി പോരാട്ടം നടത്തുന്ന പ്രതികൂല സൈന്യങ്ങളിൽ നിന്നും, ശത്രുവിന്റെ പാളയത്തിൽ നിന്നും ഇവൻ രക്ഷപ്പെടുമാറാകണമേ' എന്നും പ്രാർത്ഥിക്കുന്നത്. ■

*(എഡിറ്റോറിയൽ തുടർച്ച)*

എങ്കിൽ മാത്രമേ കൂടെ നടക്കുന്ന ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുകകയും, നമ്മുടെ ജീവിതം മറ്റുള്ളവർക്ക് പ്രയോജനകരമായിത്തീരുകയും ചെയ്യുകയുള്ളു - നാശോന്മുഖമായ എമ്മാവൂസിൽ നിന്നും, യേശുവിന്റെ കൂടെ സ്വർഗ്ഗതുല്യമായ യരുശലേമിക്കുള്ള യാത്ര പോലെ. ■

*(ഇടയലേഖനം തുടർച്ച)*

ഏകാഗ്രത കാത്തിരിപ്പിന്റെ ആത്മാവാണ്. ആരെ കാത്തിരിക്കുന്നുവോ, ആ ആളിനോടുള്ള സ്നേഹാദരവുകളാണ് കാത്തിരിപ്പിന്റെ ജീവൻ. ആദ്ധ്യാത്മ പ്രേമത്തിലെ ഈ ഏകാഗ്രതയാൽ, 'ഇതര' വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിയുകയില്ല. ചുറ്റുപാടുകളിൽ ശ്രദ്ധിച്ച് നിന്നുപോയാൽ, യാത്രയ്ക്ക് വിഘ്നമുണ്ടാകും, നിലനിൽക്കുന്നത് കാത്തിരിപ്പു തന്നെ. മറ്റെല്ലാം കടന്നുപോകും.

'എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു.
എന്റെ ദേഹം നിനക്കായി കാംക്ഷിക്കുന്നു'. ■

## ഇടവക കൺവൻഷൻ, കാതോലിക്കാ ദിനാഘോഷം, ലൈബ്രറി ഉൽഘാടനം

2019 ഏപ്രിൽ 5, 6 വെള്ളി, ശനി ദിവസങ്ങളിൽ ഇടവക കൺവൻഷൻ നടത്തപ്പെട്ടു. ഫാ. ഡോ. ഫെലിക്സ് യോഹന്നാൻ അഭിവന്ദ്യ യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത എന്നിവർ യഥാക്രമം ധ്യാന പ്രസംഗം നടത്തി. 7-ാം തീയതി ഞായറാഴ്ച കാതോലിക്കാ ദിനം കൊണ്ടാടി. അഭിവന്ദ്യ ഏലിയാസ് തിരുമേനി കുർബാനാനന്തരം കാതോലിക്കാ പതാക ഉയർത്തി. സന്നിഹിതരായിരുന്ന ഏവർക്കും മധുരപലഹാരം വിതരണം ചെയ്തു. തുടർന്ന് നിലവിൽ ഉണ്ടായിരുന്ന ലൈബ്രറി വിപുലീകരിച്ചതിന്റെ ഉൽഘാടനം അഭിവന്ദ്യ ഏലിയാസ് തിരുമേനി നിർവ്വഹിച്ചു. ഉച്ചയ്ക്ക് സൺഡേസ്കൂൾ, വിദ്യാർത്ഥി പ്രസ്ഥാനം യുവജന പ്രസ്ഥാനാംഗങ്ങൾക്കായി പ്രത്യേക ക്ലാസ്സ് നടത്തപ്പെട്ടു. ഫാ. ഗീവർഗീസ് പള്ളിക്കാട്ടിൽ നേതൃത്വം നൽകി.

## വിശേഷ ദിവസങ്ങൾ

**മെയ്**

| | | |
|---|---|---|
| 12 | ഞായർ | പുതുഞായറാഴ്ചക്ക് ശേഷം രണ്ടാം ഞായറാഴ്ച |
| 15 | ബുധൻ | കതിരുകൾക്കുവേണ്ടിയുള്ള വി. ദൈവമാതാവിന്റെ പെരുന്നാൾ |
| 16 | വ്യാഴം | യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ 29-ാം ഓർമ്മ (കൊരട്ടി സീയോൻ സെമിനാരി) |
| 26 | ഞായർ | പരി. ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 5-ാം ഓർമ്മ (പത്തനാപുരം) മൗണ്ട് താബോർ ദയറാ |
| 30 | വ്യാഴം | കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ (സുലോക്കോ) |

**ജൂൺ**

| | | |
|---|---|---|
| 02 | ഞായർ | സൺഡേ സ്കൂൾ ദിനം പെന്തിക്കോസ്തിക്ക് മുമ്പുള്ള ഞായറാഴ്ച |

## മാമോദീസ

കരിക്കാമുറി, കിഴക്കേയറ്റത്ത് ശ്രീ. ജേക്കബ് പൗലോസിന്റെയും ശ്രീമതി മറിയം ഷാജിയുടെയും മകൻ **പൗലോ ജേക്കബ് (Paulo Jacob)** 2019 ഏപ്രിൽ 28-ാം തീയതി മാമോദീസ സ്വീകരിച്ചു .

കോട്ടയം, താഴത്തങ്ങാടി ശ്രീ. സാഷ ഉമ്മൻ ജോസഫിന്റെയും, ശ്രീമതി നിഷ മിറിയം മാത്യുവിന്റെയും മകൻ **സമീർ പോൾ ജോസഫ് (Samir Paul Joseph)** 2019 ഏപ്രിൽ 27-ാം തീയതി മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*





## പീഡാനുഭവ വാരാചരണം

ഓശാന ഞായർ | ദുഃഖ വെള്ളി | ഉയിർപ്പ് ഞായർ













14.04.2019 ഞായർ മുതൽ 21.04.2019 ഞായർ വരെ പീഡാനുഭവവാര ശുശ്രൂഷയും, ഉയിർപ്പ് പെരുന്നാളും കൊണ്ടാടി. ദുഃഖ വെള്ളിയാഴ്ച ശുശ്രൂഷ മദ്ധ്യേ പ്രൊ. ജേക്കബ് കുര്യൻ ധ്യാനപ്രസംഗം നിർവ്വഹിച്ചു.

## എളംകുളം കുരിശുംതൊട്ടി പുനർനിർമ്മാണം



എളംകുളം സെൻറ് മേരീസ് ടവറിലുള്ള നവീകരിച്ച കുരിശുംതൊട്ടിയുടെ പുനർസമർപ്പണം 30.04.2019 ന് വികാരി ജിജു വർഗ്ഗീസച്ചനും, സൈമൺ ജോസഫ് അച്ചനും കൂടി നിർവ്വഹിച്ചു.

## വിനു ജോസഫിന്റെ വീടിന്റെ കൂദാശ കർമ്മം




കത്തീഡ്രലിന്റെ എളംകുളം സെൻറ് മേരീസ് ടവറിൽ സേവനം ചെയ്യുന്ന നമ്മുടെ ഇടവകാംഗമായ, ശാരീരിക പരിമിതികളുള്ള വിനു ജോസഫിന് പള്ളിയിൽ നിന്ന് നിർമ്മിച്ചു നൽകിയ വീടിന്റെ കൂദാശ കർമ്മവും താക്കോൽ ദാനവും ജിജു വർഗ്ഗീസച്ചനും, സൈമൺ ജോസഫ് അച്ചനും കൂടി നിർവ്വഹിക്കുന്നു.

## പ്രതിമാസ ധ്യാനം

**പ്രതിമാസ ധ്യാനം മെയ് 10-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടും.**